നമ്പർ: 39/56790/2020

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ,
ബീച്ച് റോഡ്, കോഴിക്കോട് – 673032.
തിയ്യതി: 4.1.2021

# ക്വട്ടേഷൻ നോട്ടീസ്

വിഷയം: കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ – അക്കൗണ്ട്സ് വിഭാഗം – 2021–22 വർഷത്തേക്കുള്ള ബഡ്ജറ്റ് പ്രിന്റ് ചെയ്ത് സപ്ലൈ ചെയ്യുന്നത് – സംബന്ധിച്ച്.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2021–22 വർഷത്തേക്കുള്ള ബഡ്ജറ്റ് പ്രിന്റ് ചെയ്ത് പുസ്തക രൂപത്തിലാക്കി സപ്ലൈ ചെയ്യുന്നതിന് അംഗീകൃത പ്രിന്റിംഗ് സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിലായിരിക്കണം സമർപ്പിക്കേണ്ടത്. കവറിന് പുറത്ത് ക്വട്ടേഷൻ നമ്പർ, സ്ഥാപനത്തിന്റെ പേര്, വിലാസം എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ 18/01/2021 തിയ്യതി 3- മണിക്ക് മുമ്പായി കോർപ്പറേഷൻ ഓഫീസ് അക്കൗണ്ട്സ് വിഭാഗത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം 4 മണിക്ക് തുറന്ന് പരിശോധിക്കുന്നതാണ്.

നിബന്ധനകൾ:

1. ക്വാട്ട് ചെയ്യുന്ന നിരക്ക് താഴെ കാണിക്കുന്ന പ്രകാരമായിരിക്കണം. നിരക്കുകൾ എല്ലാ നികുതികളും, ചാർജ്ജുകളും ഉൾപ്പെട്ടതായിരിക്കണം.

| SL, NO. | SPECIFICATION | RATE PER PAGE |
|---|---|---|
| ***BUDGET BOOK DEMY ¼ SIZE APPROXIMATE 200 PAGES*** | | |
| 1 | COVER PAGE: 300 GSM ART CARD MULTI COLOUR MATT LAMINATION | |
| 2 | INNER : BLACK & WHITE 16 KG WHITE PRINT | |
| 3 | INNER: COLOUR PAGE 100 GSM ART PAPER | |
| ***BUDGET SPEECH DEMY ¼ SIZE APPROXIMATE 50 PAGES*** | | |
| 1 | COVER PAGE: 300 GSM ART CARD MULTI COLOUR MATT LAMINATION | |
| 2 | INNER : BLACK & WHITE 16 KG WHITE PRINT | |

2. ബഡ്ജറ്റ് പുസ്തകം ബഡ്ജറ്റിന്റെ അനുബന്ധമായിട്ടുള്ള ആമുഖ പ്രസംഗം എന്നിവ അടക്കം ഉദ്ദേശം 250 പേജ് വരുന്നതാണ്. ബഡ്ജറ്റ് ഉദ്ദേശം 300 പുസ്തകങ്ങളും, ആമുഖപ്രസംഗം ഉദ്ദേശം 150 പുസ്തകങ്ങളും വേണ്ടിവരുന്നതാണ്.
3. ക്വട്ടേഷനോടൊപ്പം 5000/- രൂപയുടെ 'സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ' എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ഇ.എം.ഡി. ആയി ഉള്ളടക്കം ചെയ്യേണ്ടതാണ്.
4. ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവത്തിനകം മതിയായ മൂല്യത്തിലുള്ള മുദ്രക്കടലാസിൽ നിശ്ചിതമാതൃകയിൽ ഉടമ്പടിപത്രം ഹാജരാക്കേണ്ടതാണ്.
5. സാധാരണഗതിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തുന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതാണ്. എന്നാൽ ഏതൊരു ക്വട്ടേഷനും അംഗീകരിക്കുന്നതിനും യാതൊരു കാരണവും രേഖപ്പെടുത്താതെ നിരസിക്കുന്നതിനുമുള്ള അധികാരം കോർപ്പറേഷൻ കൗൺസിലിൽ നിക്ഷിപ്തമാണ്.
6. സമർപ്പിക്കുന്ന ക്വട്ടേഷനുകൾ നഗരസഭ നൽകിയ നിബന്ധനകൾ പ്രകാരമായിരിക്കണം. നിബന്ധനകൾ പാലിക്കാതെ സമർപ്പിക്കുന്ന ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.

7. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സ്ഥാപനത്തിന്റെയും, രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സ്ഥാപനത്തിന്റെയും ഇ.എം.ഡി. ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം ഉടമ്പടിവെച്ചതിന് ശേഷം മാത്രമേ തിരികെ നൽകുകയുള്ളു. മറ്റു സ്ഥാപനങ്ങളുടെത് ഉടനെ തിരികെ നൽകുന്നതാണ്.

8. *ബഡ്ജറ്റും, ആമുഖപ്രസംഗവും ബഡ്ജറ്റ് നഗരസഭാ കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുന്നത് വരെ അതീവ രഹസ്യ സ്വഭാവമുള്ള രേഖകൾ ആയതിനാൽ ഈ രഹസ്യസ്വഭാവം കാത്ത് സൂക്ഷിച്ചായിരിക്കണം പ്രവൃത്തി നിർവ്വഹിക്കേണ്ടത്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.*

9. *ബഡ്ജറ്റും, ആമുഖപ്രസംഗവും തയ്യാറാക്കുന്നവേളയിൽ പലതവണ മാറ്റങ്ങൾ ഉണ്ടായേക്കാം. അപ്രകാരം നിർദ്ദേശിക്കുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ബഡ്ജറ്റ് അവതരിപ്പിക്കുന്ന തിയ്യതിക്ക് മൂന്ന് ദിവസം മുമ്പ് തന്നെ ആവശ്യപ്പെടുന്ന എണ്ണം പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് സപ്ലൈ ചെയ്യേണ്ടതാണ്.*

10. തൃപ്തികരമായി പ്രിന്റ് ചെയ്ത് ബിൽ സമർപ്പിക്കുന്ന മുറക്ക് ബിൽതുക അനുവദിക്കുന്നതാണ്. നിയമാനുസൃത നികുതികൾ നിലവിലുള്ള നിരക്കിൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണ്.

11. 20.08.2016–ലെ GO(RT)NO. 2487/2015 LSGD ഉത്തരവ് പ്രകാരം പുറത്തിറക്കിയ 'Manual of Procurement of good & Services in Local Self Government' ലെ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷന് ബാധകമാകുന്നതാണ്.

സെക്രട്ടറി,
കോഴിക്കോട് കോർപ്പറേഷൻ.

പകർപ്പ്:

ഓഫീസ് നോട്ടീസ് ബോർഡ്
എല്ലാ സോണൽ ഓഫീസുകളിലെയും നോട്ടീസ് ബോർഡ്
വെബ് സൈറ്റ്